(ബി) പുതിയ വീടു വയ്ക്കുന്നതിനും വീടും സ്ഥലവും കൂടെ വാങ്ങുന്നതിനും അടിസ്ഥാന ശമ്പളത്തിന്റെ 60 ഇരട്ടിയും നിലവിലുള്ള വീട് വിപുലീകരിക്കുന്നതിന് അടിസ്ഥാന ശമ്പളത്തിന്റെ 15 ഇരട്ടിയും നിലവിലുള്ള വീടിന്റെ അറ്റുകുറ്റ പണികൾക്കായി അടിസ്ഥാന ശമ്പളത്തിന്റെ 10 ഇരട്ടിയും പരമാവധി വായ്പ അനുവദിക്കുന്നുണ്ട്.

(സി) ഉടൻ ഒരു മാറ്റം വരുത്തുവാൻ ഉദ്ദേശമില്ല.

(ഡി) പുതിയ വായ്പാ പദ്ധതി പ്രകാരം ബാങ്കുകളാണ് പലിശ നിർക്കിൽ മാറ്റം വരുത്തേണ്ടത്. പലിശ നിരക്കിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

ടെർമിനൽ സറണ്ടർ നൽകുന്നതിന് നടപടി

3 (2451) ശ്രീ. വി. കെ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലുള്ളവർ, റിട്ടയർ ചെയ്യുമ്പോൾ നൽകി വരുന്ന ടെർമിനൽ സറണ്ടർ നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും പുതിയ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയും മറ്റും നിയമനം ലഭിച്ചവർ, സർവ്വീസിൽ നിന്നും പിരിയുമ്പോൾ ടെർമിനൽ സറണ്ടർ നൽകിയിരുന്നോ ; ഈ വ്യവസ്ഥയിൽ ഇപ്പോൾ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ഇ) ഈ ഉത്തരവിന്റെ അവസാന ഭാഗത്ത്, സർവീസിലിരിക്കെ മരണമടഞ്ഞവർക്കും സൂപ്പർ ആനുവേഷനിൽ പിരിയുന്നവർക്കും മാത്രമേ മേലിൽ ടെർമിനൽ സറണ്ടർ നൽകുകയുള്ളൂ എന്ന വ്യവസ്ഥയുടെ മറവിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർക്ക് ടെർമിനൽ സറണ്ടർ നിഷേധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർ, ജോലിയിൽ നിന്നും പിരിയുമ്പോൾ ടെർമിനൽ സറണ്ടർ നൽകി വന്നിരുന്നത്, പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിർത്തലാക്കിയിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് ഇപ്രകാരം വ്യാഖ്യാനിച്ച്, ടെർമിനൽ സറണ്ടർ ആർക്കെങ്കിലും നിഷേധിച്ചിട്ടുണ്ടെങ്കിൽ അവ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയും മറ്റും നിയമനം ലഭിച്ചവർക്ക് സർവ്വീസിൽ നിന്നും പിരിയുമ്പോൾ ടെർമിനൽ സറണ്ടർ 9-1-2002 വരെ നൽകിയിരുന്നു. ഇപ്പോൾ ഈ ആനുകൂല്യം നിർത്തലാക്കി.

(സി) 17-5-2002-ലെ 32/02/ധന. സർക്കുലർ പ്രകാരം 10-1-2002 മുതൽ താത്കാലിക ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യത്തിന് അർഹതയില്ല.

(ഡി) സമർപ്പിക്കുന്നു.*

(ഇ) ഉണ്ട്.

(എഫ്&ജി) നിർത്തലാക്കിയിട്ടില്ല. ഇക്കാര്യം വിശദീകരിച്ച് ഉടൻതന്നെ നിർദ്ദേശം പുറപ്പെടുവിക്കുന്നതാണ്.

കുഴൽമന്ദം മണ്ഡലത്തിലെ പ്രവൃത്തികൾക്ക് അനുവദിച്ച തുക

4 (2452) ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്കാണ് 2003-04 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത് ;

(ബി) ഉപധനാഭ്യർത്ഥനകളിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കുഴൽമന്ദം സബ്ട്രഷറിക്ക് കെട്ടിട നിർമ്മാണം, കുഴൽമന്ദം-മങ്കര റോഡ് അഭിവൃദ്ധിപ്പെടുത്തൽ, കുഴൽമന്ദം-പാലക്കാട് മണ്ഡലങ്ങളിലെ പറളി-കോസ്വേ റോഡ് അഭിവൃദ്ധിപ്പെടുത്തൽ, കുഴൽമന്ദം ഐ.ടി.ഐ.ക്ക് കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്ക് 2003-04 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ബി&സി) 2003-04 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥനാ നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്.

ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി

5 (2453) ശ്രീ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് നിക്ഷേപം വർദ്ധിപ്പിച്ച് കിട്ടുന്നതിലേക്ക് നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ;

(ബി) ഈ സാമ്പത്തിക വർഷം സമാഹരിക്കാനുദ്ദേശിച്ച തുക എത്ര ; ഇതിനകം എന്തു തുക സമാഹരിക്കുകയുണ്ടായി ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly